കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷറീസ് ആശുപത്രി

150 [1626] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടി ഫിഷറീസ് ആശുപത്രി അനുവദിച്ചുകൊണ്ട് ഉത്തരവായത് എന്നാണ്;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിക്കപ്പെട്ട തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത ആശുപത്രിക്കാവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് എന്നുമുതൽ തുറന്നു പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15-1-1998-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 2/98/മ.തു.വ. പ്രകാരം ആശുപത്രി അനുവദിച്ച് ഉത്തരവായി.

(ബി ആന്റ് സി) പ്രസ്തുത ആശുപത്രിയിൽ തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഡി) 2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ തുക വകകൊള്ളിച്ചിട്ടില്ല. എന്നിരുന്നാലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണമെന്ന് ഉദ്ദേശിക്കുന്നു.

മലപ്പുറം ജില്ലയിലെ പ്രാഥമിക ആയുർവേദ ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

151 [1627] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം പ്രാഥമിക ആയുർവേദ ആരോഗ്യ കേന്ദ്രങ്ങളിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ താഴെ പറയുന്ന ആയുർവേദ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

1.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, എടവണ്ണ	.. 1
2.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, ഏഴത്തൂർ	.. 1
3.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, കാട്ടിലങ്ങാടി	.. 1
4.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, കുറുമ്പത്തൂർ	.. 1
5.	ജില്ലാ ആയുർവേദ ആശുപത്രി, മലപ്പുറം	.. 1
6.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, ചീക്കോട്	.. 1
7.	ഗവൺമെന്റ് ആയുർവേദ ആശുപത്രി, മഞ്ചേരി	.. 2
8.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, നീരാട്	.. 1
9.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, ഒളവത്തൂർ	.. 1
10.	ഗവൺമെന്റ് ആയുർവേദ ആശുപത്രി, പൊന്നാനി	.. 1
11.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, പുല്ലാറ്റ	.. 1
12.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, താനൂർ	.. 1
13.	ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, വടക്കുംമുറി	.. 1
14.	ഗവൺമെന്റ് ആയുർവേദ ആശുപത്രി, വെളിമുക്ക്	.. 1
	ആകെ	.. 15

(ബി) മെഡിക്കലാഫീസർമാരുടെ നിയമനത്തിന് പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ 5-2-2002-ലെ ജി.ഒ. (എം. എസ്) 45/2002/ആ.കു.വ. ഉത്തരവു പ്രകാരം ടി സ്ഥാപനങ്ങളിലെല്ലാം തന്നെ കരാറടിസ്ഥാനത്തിൽ മെഡിക്കലാഫീസർമാരെ നിയമിച്ചിട്ടുണ്ട്.

നെടുങ്ങോലം ഗവൺമെന്റ് രാമറാവു ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരേയും സ്റ്റാഫുകളേയും നിയമിക്കാൻ നടപടി

152 [1628] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ നെടുങ്ങോലം ഗവൺമെന്റ് രാമറാവു ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;